**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4241** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഹരിത കർമ്മസേനയുടെ മാലിന്യനിർമാർജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഹരിതകർമ്മസേന വീടുകളിൽ നിന്ന് ഏതു തരത്തിലുള്ള മാലിന്യങ്ങളാണ് നീക്കം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **കടലാസ്, പ്ലാസ്റ്റിക്, പൊട്ടുന്ന ഗ്ലാസ്സുകൾ മരുന്നുസ്ട്രിപ്പുകൾ, ടൂത്ത് പേസ്റ്റും സൗന്ദര്യവർദ്ധക സാമഗ്രികളുമടക്കമുള്ള പലവിധ നിത്യോപയോഗവസ്തുക്കളുടെ ട്യൂബുകൾ കവറുകൾ ഇ-വേസ്റ്റ്, ലെതർ ഉത്പന്നങ്ങൾ എന്നിവയാണ് വീടുകളിൽ നിന്നും ഹരിതകർമ്മസേന ശേഖരിക്കുന്നത്.** |
| (ബി) | മാലിന്യം നീക്കം ചെയ്യുന്നതിനായി വീടുകളിൽ നിന്ന് ഹരിതകർമ്മസേന പിരിക്കുന്ന ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനമായിട്ടാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | **നിലവിൽ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യൂസർ ഫീസ് തദ്ദേശസ്ഥാപനങ്ങളുടെ വരുമാനത്തിന്റെ ഭാഗമാകുന്നില്ല. ടി തുക ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേയ്ക്കാണ് വരവ് വയ്ക്കുന്നത്.** |
| (സി) | വീടുകളിൽ നിന്ന് മാലിന്യം നീക്കം ചെയ്യുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ പ്രതിഫലം എത്രയാണെന്ന് അറിയിക്കാമോ; | (സി) | **സ.ഉ (സാധാ) നം. 1496/2020/LSGD തീയതി: 12.08.2020 നം. സർക്കാർ ഉത്തരവ് പ്രകാരം വീടുകളിൽ നിന്നുള്ള അജൈവമാലിന്യ ശേഖരണത്തിന് കുറഞ്ഞത് ഗ്രാമപ്രദേശങ്ങളിൽ 50 രൂപയും നഗരപ്രദേശങ്ങളിൽ 70 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്.** |
| (ഡി) | വീടുകളിൽ നിന്ന് പ്രതിമാസം മാലിന്യ നിർമാർജ്ജനം നടത്തേണ്ട ഹരിതകർമ്മസേന രണ്ടോ അതിലധികമോ മാസത്തെ ഇടവേളയ്ക്ക് ശേഷമാണ് മാലിന്യ നിർമാർജനത്തിന് എത്തിച്ചേരുന്നതെങ്കിൽ അക്കാലയളവിലെ സേവന ഫീസ് പൂർണ്ണമായും അവർക്ക് നൽകേണ്ടതുണ്ടോ; | (ഡി) | യൂസർഫീസ് നിശ്ചയിച്ചിട്ടുള്ളത് ഓരോ മാസത്തേയ്ക്കുമാണ്. ഹരിത കർമ്മ സേന എല്ലാ മാസങ്ങളിലും വീടുകൾ സന്ദർശിച്ച് മാലിന്യം ശേഖരിക്കേണ്ടതാണ്. രണ്ടോ അതിലധികമോ മാസത്തെ ഇടവേളയ്ക്കു ശേഷമാണ് മാലിന്യം ശേഖരിക്കാൻ എത്തുന്നത് എങ്കിൽ സേവനം നൽകുന്ന മാസത്തെ യൂസർ ഫീസിനാണ് അർഹതയുണ്ടായിരിക്കുന്നത്. |
| (ഇ) | അജൈവ മാലിന്യങ്ങൾ ലഭ്യമല്ലാത്ത വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേനയ്ക്ക് ഫീസ് പിരിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; | (ഇ) | **എല്ലാ വീടുകളും സ്ഥാപനങ്ങളും യൂസർഫീസിന്റെ പരിധിയിൽപെടുന്നു. എന്നാൽ സ.ഉ (സാധാ) നം. 2481/2023/LSGD തീയതി: 13.12.2023 പ്രകാരം അടഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ, പ്രത്യേക പരിഗണന വേണ്ട കുടുംബങ്ങൾ എന്നിവയുടെ** |

| | | | |
|---|---|---|---|
| | | | **കാര്യത്തിൽ അതാത് തദ്ദേശസ്ഥാപനത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഇളവിന് അർഹതയുണ്ട്.** |
| (എഫ്) | ഹരിതകർമ്മസേന നിർവഹിക്കുന്ന മാലിന്യ നിർമാർജനത്തിന്റെ ഫീസ് ഇനത്തിലും ശേഖരിക്കപ്പെട്ട അജൈവമാലിന്യങ്ങൾ വിപണനം ചെയ്ത ഇനത്തിലും കേരളത്തിലെ പഞ്ചായത്തുകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുകയുടെ വിവരം പ്രത്യേകം ലഭ്യമാക്കാമോ; | (എഫ്) | നിലവിൽ യൂസർ ഫീസോ അജൈവ മാലിന്യം കൈമാറിയതിന് ലഭിക്കുന്ന തുകയോ പഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല. ആയത് ഹരിതകർമ്മ സേന കൺസോർഷ്യത്തിനാണ് ലഭിക്കുന്നത്. |
| (ജി) | ഹരിതകർമ്മസേന നിർവഹിക്കുന്ന മാലിന്യനിർമാർജനത്തിന്റെ ഫീസിനത്തിലും അജൈവമാലിന്യങ്ങൾ വിപണനം ചെയ്ത ഇനത്തിലും കേരളത്തിലെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുകയുടെ വിവരം പ്രത്യേകം ലഭ്യമാക്കാമോ? | (ജി) | നിലവിൽ യൂസർ ഫീസോ അജൈവ മാലിന്യം കൈമാറിയതിന് ലഭിക്കുന്ന തുകയോ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ലഭിക്കുന്നില്ല. ആയത് ഹരിതകർമ്മ സേന കൺസോർഷ്യത്തിനാണ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ